# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6832** 13.07.2012-ൽ മറുപടിക്ക്

## മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിച്ചതിനുശേഷവും സ്വകാര്യ പ്രാക്ടീസ് തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സ്വകാര്യ പ്രാക്ടീസ് തടയുന്നതിനായി എന്തെങ്കിലും പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്, മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ഒരു വിജിലൻസ് സെല്ലും മെഡിക്കൽ കോളേജ് ഡെന്റൽ കോളേജ് തലത്തിൽ വൈസ് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂഷണൽ വിജിലൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ എവിടെയെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (സി) ഉണ്ട്. കോളേജ് ക്യാമ്പസുകളിൽ താമസിക്കുന്ന ഡോക്ടർമാർക്ക് എതിരേയുള്ള പരാതികളിന്മേൽ Institutional Vigilance Cell പരിശോധന നടത്തിയിട്ടുണ്ട്. അതേസമയം ആഭ്യന്തര വകുപ്പിന്റെ അഴിമതി നിരോധന വകുപ്പ് നടത്തിയിട്ടുള്ള പരിശോധനകളിൽ സ്വകാര്യ പ്രാക്ടീസ് നടത്തിയതായി കണ്ടെത്തിയിട്ടുള്ള ഡോക്ടർമാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന റിപ്പോർട്ടുകളിൻമേൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) അനധികൃതമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നവരെ കണ്ടെത്തിയാൽ അവർക്കെതിരെ എന്തെല്ലാം നടപടികളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ? | (ഡി) സ്വകാര്യ പ്രാക്ടീസ് നടത്തിയതായി കണ്ടെത്തിയാൽ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരം ഉള്ള നടപടിക്രമങ്ങൾ പാലിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ